പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .178 — 10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>,, റ്റി. യു. കുരുവിള | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾ നശിച്ചു പോവുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ജില്ലാ കളക്ടർ വഴിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഇൻഷ്വറൻസ് ദുരിതാശ്വാസ സഹായം നൽകി വരുന്നു. സംസ്ഥാന തീരദേശ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപെടുമ്പോൾ രക്ഷപ്പെടുത്തുന്നതിന് മറൈൻ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് 5 ഫിഷറീസ് സ്റ്റേഷനുകളിലായി പ്രവർത്തിച്ചു വരുന്നു.<br>മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്രണ്ടാഫീസിൽ 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. കടലിൽ കാണാതാവുന്ന മത്സ്യത്തൊഴിലാളികളെ മറൈൻ എൻഫോഴ്സ്മെന്റിന് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി, എന്നിവരുടെ സേവനം ആവശ്യപ്പെട്ടിട്ട് രക്ഷിക്കുന്നു.<br>തീരത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് ഐ.ഡി.കാർഡും മത്സ്യബന്ധനയാനങ്ങൾക്ക് യൂണിഫോം രജിസ്ട്രേഷനും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കടബാധ്യത മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകരിച്ച്, സിറ്റിംഗുകൾ നടത്തി കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾക്കായി നിരവധി ക്ഷേമ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. മത്സ്യബന്ധനത്തിനിടയിൽ അപകട മരണം സംഭവിക്കുമ്പോൾ ആശ്രിതർക്കു നൽകുന്ന ധനസഹായം, രോഗ ചികിൽസാ ധനസഹായം, വാർദ്ധക്യ കാല പെൻഷൻ, വിവാഹധനസഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) & (സി) | മത്സ്യത്തൊഴിലാളി 31.12.2007 വരെ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിൽസ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. |
| (സി) | നിലവിൽ മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കുമോ ? | | |

Jayasree

സെക്ഷൻ ഓഫീസർ